©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2020 നവംബർ 12<br>12th November 2020<br>1196 തുലാം 27<br>27th Thulam 1196<br>1942 കാർത്തികം 21<br>21st Karthika 1942 | നമ്പർ<br>No. | 2761 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:308/2020/സം.തി.ക. തീയതി, തിരുവനന്തപുരം, 2020 നവംബർ 12

കേരള സർക്കാർ 2020 നവംബർ 12 -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ജി.ഒ.(പി) 69/2020/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നീ അഞ്ച് ജില്ലകളിൽ 2020 ഡിസംബർ 8-ാം(ചൊവ്വ) തീയതിയും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ അഞ്ച് ജില്ലകളിൽ 2020 ഡിസംബർ 10-ാം (വ്യാഴം) തീയതിയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ 2020 ഡിസംബർ 14 –ാം (തിങ്കൾ) തീയതിയും സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്ത്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളോടും ഓരോ അംഗത്തെ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതിനാലും,

ഇപ്പോൾ, അതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13-ാം ആക്ട്) 49-ാം വകുപ്പ് അനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേയ്ക്കും പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച്;

(എ) 2020 നവംബർ 19 (വ്യാഴം) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി യായും;

(ബി) 2020 നവംബർ 20 (വെള്ളി) നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) 2020 നവംബർ 23 (തിങ്കൾ) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നീ അഞ്ച് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ 2020 ഡിസംബർ 8-ാം തീയതി ചൊവ്വാഴ്ചയും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ അഞ്ച് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ 2020 ഡിസംബർ 10-ാം തീയതി വ്യാഴാഴ്ചയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ 2020 ഡിസംബർ 14 –ാം തീയതി തിങ്കളാഴ്ചയും ആവശ്യമായി വരുന്ന പക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) 2020 ഡിസംബർ 23-ാം തീയതി (ബുധൻ) തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും;

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**വി.ഭാസ്കരൻ,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.12 10:57:10 +05:30